# സഹൃദയ വീഥി

വെൽഫെയർ സർവീസസ് എറണാകുളം

പ്രതിവാര വാർത്ത പത്രിക

Volume:1 | 2021 April 12 | Issue: 03


## ജൻ ശിക്ഷൺ സൻസ്ഥാൻ - എംബ്രോയിഡറി പരിശീലനം






ജൻശിക്ഷൺ സൻസ്ഥാൻ സംരംഭകത്വ പരിശീലനപരിപാടിയുടെ ഭാഗമായി പറവൂർ മേഖലയിൽ വനിതകൾക്കായി എംബ്രോയിഡറി പരിശീലനം ആരംഭിച്ചു. സഹൃദയ പറവൂർ മേഖല ഓഫീസിൽ പരിശീലന പരിപാടി സഹൃദയ അസി. ഡയറക്ടർ ഫാ. അൻസിൽ മയ്പാൻ ഉദ്ഘാടനം ചെയ്തു. പറവൂർ മേഖല കോർഡിനേറ്റർ സെലിൻ പി. വി. അധ്യക്ഷത വഹിച്ച യോഗത്തിൽ ജൻ ശിക്ഷൺ സൻസ്ഥാൻ എക്സിക്യൂട്ടീവ് ഡയറക്ടർ സി.ജി. മേരി, പദ്ധതി വിശദീകരണം നടത്തി. ഷെൽഫി ജോസഫ്, മഞ്ജു രാജു, ലിജി എന്നിവർ സംസാരിച്ചു. ഇരുപത് വനിതകൾ പങ്കെടുക്കുന്ന പരിശീലനത്തിന്റെ കാലാവധി. ഒന്നര മാസമാണ്. ജൻ ശിക്ഷൺ സൻസ്ഥാനുമായി സഹകരിച്ച് ഈ വര്ഷം ഹാൻഡ് എം ബ്രോയിഡറി, ക്രാഫ്റ്റ് മേക്കിംഗ്, ജെം, ജെല്ലി, കെച്ചപ്പ്, പേപ്പർ ബാഗ്, അടുക്കളത്തോട്ടം,കോഴിവളർത്തൽ എന്നിവയിൽ പരിശീലനം സംഘടിപ്പിക്കുന്നുണ്ടെന്ന് സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ അറിയിച്ചു.

## ശിശു സംരക്ഷണ നയത്തിൽ വെബിനാർ

കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യ, ക്രിസ്ത്യൻ ബ്ലൈൻഡ് മിഷൻ എന്നിവരുമായി സഹകരിച്ച് ശിശു സംരക്ഷണ നയവും പരിപാലനവും എന്ന വിഷയ ത്തിൽ ദേശീയതലത്തിൽ വെബിനാർ സംഘടിപ്പിച്ചു. ശിശുസംരക്ഷണ മേഖലയിൽ പ്ര വർത്തിക്കുന്ന വിവിധ ഏജൻസികളുടെ മേലധികാരികൾ, പ്രോജക്ടുകൾ കൈകാര്യം ചെയ്യുന്ന സ്റ്റാഫംഗങ്ങൾ എന്നിവരാണ് വെബ്ബിനറിൽ പങ്കെടുത്തത്. സഹൃദയ ഡയറ ക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ, പ്രോഗ്രാം ഓഫിസർ കെ. ഓ. മാത്യുസ്, പ്രോജ ക്ട് കോ ഓർഡിനേറ്റർ സെലിൻ പോൾ, ചൈൽഡ് ലൈൻ സ്റ്റാഫംഗങ്ങളായ അമൃത, അനീന എന്നിവർ സഹൃദയയിൽ നിന്നും പങ്കെടുത്തു. അനിത കൗഡിയ അലക്സാ ണ്ടർ, ജയകുമാർ, കു മാർ രത്തൻ എന്നിവർ ക്ളാസ് നയിച്ചു.

# റയിൽവേ ചൈൽഡ് ലൈൻ ശിശു സംരക്ഷണ സമിതി യോഗം



എറണാകുളം സൗത്ത് റെയിൽ വേ സ്റ്റേഷനിൽ സഹൃദയയുടെ ആഭിമുഖ്യ ത്തിൽ പ്രവർത്തിച്ചു വരുന്ന റയിൽവേ ചൈൽഡ് ലൈനിൻറെ നേതൃതത്തിൽ ശിശുസംരക്ഷണ സമിതി യോഗം സംഘടിപ്പിച്ചു. സൗത്ത് റെയിൽ വേ സ്റ്റേഷൻ ഏരിയ മാനേജ രുടെ ചേമ്പറിൽ സഹൃദയ ഡയ റക്ടർ ഫാ. ജോസ് കൊളു ത്തുവെള്ളിലിന്റെ അധ്യക്ഷത യിൽ ചേർന്ന സമ്മേളനം സൗത്ത് ഡെപ്യൂട്ടി സ്റ്റേഷൻ മാനേജർ ഗണേഷ് വെങ്കിടാചലം ഉദ്ഘാടനം ചെയ്തു. റയിൽവേ ഹെൽത്ത് ഇൻസ്പെക്ടർ പി. എ. അരുൺ, റയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് ഇൻസ്പെക്ടർമാരായ ഗണേശൻ, അജയൻ, അനുശ്രീ, പി.വി.രാജു, നോഡൽ കോ ഓർഡിനേറ്റർ അരുൺ, ചൈൽഡ് ലൈൻ കോ ഓർഡിനേറ്റർ ഷാനോ ജോസ്, അഞ്ജന മഹേശൻ, ചിഞ്ചു ദേവസി എന്നിവർ സംസാ രിച്ചു.

## ആശാകിരണം നേതൃതല പരിശീലനം




കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് നടപ്പാക്കിവരുന്ന ആശാകിരണം കാൻസർ സുര ക്ഷാ പദ്ധതിയുടെ ഭാഗമായി ഫൊറോനതലത്തിൽ നേതൃ ത്വം നൽകുന്ന പ്രവർത്തകർ ക്കുള്ള പരിശീലനം സഹൃദയ യിൽ സംഘടിപ്പിച്ചു. സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊ ളുത്തുവെള്ളിൽ പരിശീലന പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. കാരിത്താസ് ഇ ന്ത്യ പ്രോഗ്രാം ഓഫീസർ സി ബി പൗലോസ് മുഖ്യ പ്രഭാഷണം നടത്തി. സഹൃദയ ആശാകിരണം രൂപത ലെയ്സൺ ഓഫീസർ അനന്തു ഷാജി, റാണി ചാക്കോ എന്നിവർ സം സാരിച്ചു.